<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2427</u> | <u>30-09-2025 - ൽ മറുപടിയ്ക്ക്</u>

<u>ഹരിതകർമ്മസേനയുടെ മാലിന്യ ശേഖരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഹരിതകർമ്മസേനയ്ക്ക് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഏതെല്ലാം തരത്തിലുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഹരിതകർമ്മ സേന അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം വഴി എല്ലാ മാസവും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നു. കൂടാതെ ഇതര മാലിന്യങ്ങളായ ഇ-വേസ്റ്റ്, ആപൽക്കരമായ ഇ - മാലിന്യങ്ങൾ (പിക്ച്ചർ ട്യൂബ്, ബൾബ്, ട്യൂബ്, കണ്ണാടി) തുണി മാലിന്യം, ചെരുപ്പ്, ബാഗ്, തെർമോകോൾ, തുകൽ, കാർപ്പെറ്റ്, അപ്ഹോൾസ്റ്ററി വേസ്റ്റ്, മെത്ത, തലയണ, പ്ലാസ്റ്റിക് പായ, കുപ്പി, ചില്ല് മാലിന്യങ്ങൾ, ഉപയോഗശൂന്യമായ ടയർ, പോളി എത്തിലീൻ പ്രിന്റിംഗ് ഷീറ്റ്, സ്ക്രാപ്പ് ഇനങ്ങൾ, മരുന്ന് സ്ട്രിപ്പ് എന്നിവയും അജൈവ മാലിന്യ ശേഖരണ കലണ്ടർ പ്രകാരമുള്ള തീയതികളിൽ ശേഖരിക്കുന്നു. ഇങ്ങനെ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ അതാത് തദ്ദേശ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള എം സി എഫ് -കളിൽ എത്തിച്ച് തരംതിരിവിന് ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ലിഫ്റ്റിംഗ് പ്ലാൻ, ട്രാൻസ്പോർട്ടേഷൻ പ്ലാൻ എന്നിവ പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ എംപാനൽ ചെയ്തിട്ടുള്ള 42 സ്വകാര്യ ഏജൻസികൾ എന്നിവർക്ക് കൈമാറുന്നു. ഇവയിൽ നിന്നും പുനഃ ചംക്രമണ സാധ്യമായവ റീസൈക്ലിംഗിനായും അല്ലാത്തവ സിമന്റ് പ്ലാന്റുകളിലേക്ക് ശാസ്ത്രീയമായ സംസ്കരണത്തിന് നേരിട്ടും RDF(Refuse-Derived Fuel) രൂപേണയും കൈമാറുന്നു. |

| | | | |
|---|---|---|---|
| (ബി) | ഹരിതകർമ്മസേനയ്ക്ക് ഇ-വേസ്റ്റുകൾ, ഉപയോഗശൂന്യമായ തുണിത്തരങ്ങൾ എന്നിവ ശേഖരിച്ച് സംഭരിക്കുന്നതിന് പലസ്ഥലങ്ങളിലും സംഭരണ സ്ഥലങ്ങൾ ഇല്ലാത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | ഉണ്ട്. ഹരിതകർമ്മസേന വഴി ഉറവിടത്തിൽ തരംതിരിച്ച് ശേഖരിക്കുന്ന അജൈവ മാലിന്യം സംഭരിച്ച് കൈമാറുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ മിനി എം.സി.എഫ്- കളും, എം.സി.എഫ്- കളും, കണ്ടെയ്നർ എം.സി.എഫ്.- കളും, ആർ.ആർ.എഫ്- കളും (നിർമ്മാണത്തിലിരിക്കുന്നവ ഉൾപ്പെടെ) സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. കൂടാതെ ബിന്നുകളും ബോട്ടിൽ ബൂത്തുകളുമുണ്ട്. എന്നാൽ 100 ശതമാനം വാതിൽപ്പടി ശേഖരണവും എല്ലാ വിഭാഗത്തിലും വരുന്ന പ്രത്യേക മാലിന്യങ്ങളുടെ സമാഹരണവും പൂർണ്ണമാകുന്നതോടെ നിലവിലുള്ള സംഭരണ സംവിധാനങ്ങളും സംസ്കരണ സംവിധാനങ്ങളും വിപുലപ്പെടുത്തേണ്ടതായി വരുമെന്ന സാഹചര്യത്തിൽ ഇതിനുള്ള നടപടികളും തദ്ദേശസ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ